പതിമൂന്നാംകേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.266 20.12.2012 - ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. എളമരം കരിം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.ഹംസ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാത വികസനം ഏതു ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയുടെയും വിശദാംശം നൽകുമോ; | (എ) ദേശീയപാത എൻ.എച്ച്.47 ഉം 17 ഉം നാലുവരിപാതയായി വികസിപ്പിക്കുന്ന പദ്ധതി എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ. മുഖാന്തിരം നടപ്പിലാക്കി വരുന്നു. ദേശീയപാത 47 ന്റെയും 17 ന്റെയും സ്ഥലമെടുപ്പ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>**എൻ.എച്ച്.17**: എൻ.എച്ച്.17 -ൽ കേരള കർണ്ണാടക അതിർത്തി മുതൽ കുറ്റിപ്പുറം വരെയുള്ള (കി.മീ.17.200 മുതൽ കി.മീ.318 വരെ) ഭാഗം നാലുവരിപ്പാതയാക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള -കർണ്ണാടക അതിർത്തി മുതൽ കണ്ണൂർ വരെയുള്ള ഭാഗത്തെ പണി അവാർഡ് ചെയ്ത് എഗ്രിമെന്റ് 4/2012 -ൽ കൺസഷണർ ഒപ്പിട്ടിട്ടുണ്ട്. കണ്ണൂർ മുതൽ വെങ്ങളം വരെയും വെങ്ങളം മുതൽ കുറ്റിപ്പുറം വരെയുമുള്ള ഭാഗത്തെ പണി അവാർഡ് ചെയ്ത് എഗ്രിമെന്റ് കൺസഷണർ 02/2010 -ന് ഒപ്പിട്ടിട്ടുണ്ട്. |

സ്ഥലം കരാറുകാരന് കൈമാറുന്നതിനുള്ള താമസം മൂലം പണി ഇതുവരെ ആരംഭിച്ചിട്ടില്ല.

**<u>എൻ.എച്ച്.47:-</u>** എൻ.എച്ച്.47 -ൽ വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള (കി.മീ.182/250 – 240/000) ഭാഗം നാലുവരി പാതയായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും BOT വ്യവസ്ഥയിൽ പണികൾ ചെയ്യുന്നതിന് 17.09.2012 -ൽ കരാറാവുകയും ചെയ്തിട്ടുണ്ട്. 2013 മാർച്ചിൽ പണികൾ ആരംഭിക്കുന്നതാണ്. വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള 6 വരി പാതയുടെ പണികൾ BOT വ്യവസ്ഥയിൽ കരാർ നൽകിയെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതിൽ ഉണ്ടായ പ്രശ്നങ്ങൾമൂലം പണി തടസ്സപ്പെട്ടിരിക്കുകയാണ്.

തൃശ്ശൂർ മുതൽ ഇടപ്പള്ളി (കി.മീ.270-342) വരെയുള്ള നാലുവരിപാതയുടെ പണി പൂർത്തിയായി. എൻ.എച്ച്. 47 -ൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയും (കി.മീ.379/100 – 551/900) തിരുവനന്തപുരം മുതൽ കേരള -തമിഴ്നാട് അതിർത്തി വരെയുള്ള (കി.മീ.0/000-43/000) (തിരുവനന്തപുരം ബൈപ്പാസ്) ഭാഗം 4/6 വരിപാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി എൻ.എച്ച്.ആക്ട് 1956 പ്രകാരം 3(A) (1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി. ചേർത്തല മുതൽ തിരുവനന്തപുരം (കി.മീ.379/100

– കി.മീ.551/900) വരെയുള്ള ഭാഗത്തെ 3D സർവ്വേ ഉടൻ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം മുതൽ കേരള-തമിഴ്നാട് അതിർത്തിവരെയുള്ള ഭാഗത്തെ 3D സർവ്വേ പൂർത്തിയാകാറായിട്ടുണ്ട്.

മറ്റ് ദേശീയപാതകളായ എൻ.എച്ച്.49 ഉം, 208 ഉം, 220 ഉം, 213 ഉം, 212 ഉം പി.പി.പി. മോഡിൽ ഡി.ബി.എഫ്.ഒ.റ്റി (ടോൾ) വ്യവസ്ഥയിൽ എൻ.എച്ച്.ഡി.പി. ഫെയ്സ് IV.A.-യിൽ ഉൾപ്പെടുന്ന പേവ്ഡ് ഷോൾഡറോട് കൂടി 2 വരി പാതയായി വികസിപ്പിക്കുന്നതിന് പ്രാരംഭപഠനങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ചുമതലയിൽ നടന്നു വരികയാണ്.

കൂടാതെ ദേശീയപാത 47 -ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം 30.20 മീറ്റർ വീതിയിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ വികസിപ്പിക്കുന്നതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഒന്നാംഘട്ടമായ കരമന മുതൽ വഴിമുക്ക വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

| | |
|---|---|
| (ബി) ഇത് സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) സ്ഥലമെടുപ്പ് സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിന്മേൽ എൻ.എച്ച്. ആക്റ്റ് 1956 സെക്ഷൻ '3 സി' പ്രകാരം അതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസർമാർ പരിഹാരം കാണുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | എത്ര മീറ്റർ വീതിയിലാണ് സ്ഥലമെടുക്കാൻ അന്തിമമായി തീരുമാനിച്ചിട്ടുള്ളത്: | (സി) | 45 മീറ്റർ റൈറ്റ് ഓഫ് വേ വീതിയിലാണ് വികസിപ്പിക്കാനുദ്ദേശിക്കുന്നത്. കരമന – കളിയിക്കാവിള ഭാഗം സംസ്ഥാന ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 30.20 മീറ്റർ വീതിയിലാണ് വികസിപ്പിക്കുന്നത്. |
| (ഡി) | സ്ഥലമെടുപ്പ് അലൈൻമെന്റ് നേരത്തെ രേഖപ്പെടുത്തിയത് മാറ്റം വരുത്തുകയുണ്ടായോ; ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടുണ്ടോ; | (ഡി) | ദേശീയപാതകളുടെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. എന്നാൽ ആരാധനാലയങ്ങളെ സംരക്ഷിക്കുന്നതിനും റെയിൽവേയുടെ ഭൂമി ഒഴിവാക്കുന്നതിനുമായി ചില ഭാഗങ്ങളിൽ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിവിധ തലങ്ങളിൽ നിന്നുള്ള അലൈൻമെന്റിനെ സംബന്ധിച്ച പരാതികൾ പരിശോധിക്കുകയും തീർപ്പ കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കരമന-കളിയിക്കാവിള റോഡിന്റെ നേരത്തെ രേഖപ്പെടുത്തിയിട്ടുള്ള അലൈൻമെന്റിൽ വന്ന മാറ്റം സർക്കാർ ഉത്തരവ് (സാധാ) നം.273/2012/പൊമവ തീയതി 23.02.2012 പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. |
| (ഇ) | വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ദേശീയ പാത വികസനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ